## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

## എസ് . ഐ.(ജി.ഇ.ബി.)മാരുടെ നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4414 21/03/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | എസ്. ഐ.( ജി.ഇ.ബി.) തസ്തികയിലേക്ക് 8.04.2016 മുതൽ നാളിതുവരെ പ്രമോഷൻ, തസ്തിക സൃഷ്ടിക്കൽ, അന്യത്ര സേവനം എന്നിവയിലൂടെ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ എത്രയാണ്; തരംതിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ (കെ.സി.പി) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി ഒഴിവുകളൊന്നും നിലവിലില്ല. |
| (ബി) | നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട എസ്. ഐ.( ജി.ഇ.ബി.) മാരുടെ എത്ര ഒഴിവുകൾ ജി.ഓ. (എം.എസ്.) നം. 76/2016/ ഹോം. തീയതി. 1.03.2016 പ്രകാരം നാളിതുവരെ ക്രമപ്പെടുത്തി നിയമിച്ചിട്ടുണ്ട്; | (ബി) | 01/03/2016-ലെ സർക്കാർ ഉത്തരവ് നം. 76/2016/ ആഭ്യന്തരം പ്രകാരം എസ്.ഐ.മാരുടെ 137 ഒഴിവുകളും റിസർവ്വ് ചെയ്തു കഴിഞ്ഞു. ആയത് തരം തിരിച്ച് ചുവടെ ചേർക്കുന്നു.<br>പ്രെമോഷൻ വഴി -110<br>ലെഫ്റ്റ് ഡിപ്പാർട്ട്മെന്റ് വഴി -7<br>പുതുതായി തസ്തിക സൃഷ്ടിക്കൽ വഴി -20<br>ആകെ -137 |
| (സി) | ഓ.എ. നം.1958/2016 എന്ന കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നുള്ള ഉത്തരവ് പ്രകാരം ജി.ഓ. (എം.എസ്.) നം. 76/2016/ ഹോം. എന്ന ഉത്തരവ് റദ്ദ് ചെയ്ത സാഹചര്യത്തിൽ നാളിതുവരെ ക്രമപ്പെടുത്തിയ എസ്. ഐ. ( ജി.ഇ.ബി.) ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) & (ഡി) | സീനിയോറിറ്റി സംബന്ധിച്ച ഒരു കേസ്സിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 18/1/2018-ലെ ജി.ഒ. (എം.എസ്) നം.194/18/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം കേരള പോലീസിലെ എസ്.ഐ.മാരുടെ കേഡർ സ്ട്രെംഗ്ത് 1996 മുതൽ പരിശോധിച്ച് ഫിക്സ് ചെയ്തു വരുന്ന നടപടി പുരോഗമിച്ചു വരികയാണ്. ആയത് പൂർത്തീകരിച്ചാൽ മാത്രമേ എസ്. ഐ. മാരുടെ യഥാർത്ഥ |

| | | | |
|---|---|---|---|
| (ഡി) | എസ്. ഐ. (DAR)-ൽ നിലവിൽ എത്ര എൻ.ജെ.ഡി ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ? | | ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ആയതിനാൽ മേൽ നടപടിയിൽ തീരുമാനം എടുക്കുന്നമുറയ്ക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**